# നിലനിൽപ്പിന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ...

**നാളികേരത്തിന്റെ നാട് എന്ന വിശേഷണത്തിനപ്പുറം ആ വിഭവത്തെ പ്രയോജനപ്പെടുത്താൻ കേരളത്തിനു കഴിയാതെ പോകുന്നു. വിലയിടിവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാത്തതും നാളികേരമേഖലയെ മുരടിപ്പിന്റെ കുട്ടിൽ തളച്ചിടുന്നു. അത്തരമൊരു സാഹചര്യത്തിൽ നാളികേരമേഖലയുടെ തകർച്ചയുടെ കാരണങ്ങളെക്കുറിച്ചും വളർച്ചയുടെ സാധ്യതകളെക്കുറിച്ചും എമർജിങ് കേരളയോട് പ്രതികരിക്കുന്നു നാളികേര വികസന ബോർഡ് ചെയർമാൻ ടി കെ ജോസ് IAS...**



ടി പി പ്രശാന്ത്

### നാളികേരമേഖലയിലെ പ്രതിസന്ധികൾ ?

ഇന്ന് കേരകർഷകർ വല്ലാത്തൊരു തകർച്ചയിലാണ്. പ്രധാനപ്രശ്നം നാളികേരത്തിന്റെ വിലയിടിവാണ്. ഉൽപ്പാദനച്ചെലവുമായി പൊരുത്തപ്പെട്ട് പോകാത്ത വിലയാണ് കർഷകർക്ക് ലഭിക്കുന്നത്. 1980കളുടെ മധ്യത്തിലും അവസാനവും ഒരു നാളികേരത്തിന് അഞ്ച് രൂപയും, 1990കളുടെ ആദ്യം 10 രുപയുമായിരുന്നു വില. നിത്യോപയോഗ വസ്തുക്കളുടെ വില വർധിച്ചപ്പോഴും നാളികേരത്തിനു മാത്രം ഇരുപത്തെട്ട് കൊല്ലം മുമ്പുള്ള അതേ വില തന്നെ. കേരളത്തിൽ നാളികേരവില നിശ്ചയിക്കുന്നത് വെളിച്ചെണ്ണയുടെയും കൊപ്രയുടെയും വില അടിസ്ഥാനമാക്കിയാണ്. 2011 ഡിസംബർ മുതൽ ഇന്ത്യയിലെ വെളിച്ചെണ്ണ വില ഇടിഞ്ഞ് ഇന്ന് പരിതാപകരമായ അവസ്ഥയിൽ എത്തിയിരിക്കുന്നു. അന്താരാഷ്ട്രവിലയിലെ കുറവും, രാജ്യത്ത് വ്യാപകമായ പാമോയിൽ ഇറക്കുമതിയിലൂടെ കൃത്രിമമായി ഭക്ഷ്യഎണ്ണയുടെ വില കുറച്ചുനിർത്തിയിരിക്കുന്നതുമാണ് ഈ വിലയിടിവിന് കാരണം. വർഷങ്ങൾക്ക് മുമ്പ് പാമോയിൽ ഇറക്കുമതി ചെയ്യുമ്പോൾ 80% ആയിരുന്നു ഇറക്കുമതി ചുങ്കം. ലോകവ്യാപാര സംഘടനയുടെ നിബന്ധനകളനുസരിച്ച് ഇറക്കുമതി ചെയ്യുന്ന ഭക്ഷ്യഎണ്ണകൾക്ക് 65% ബൗണ്ട് ഡ്യൂട്ടി ചുമത്താം. എന്നിട്ടും 2012 ഡിസംബർ വരെ ഇന്ത്യയിൽ ഇറക്കുമതി ചെയ്യുന്ന ക്രൂഡ് പാമോയിലിന് പൂജ്യം ശതമാനം ഡ്യൂട്ടിയും റിഫൈൻഡ് പാമോയിലിന് 7.5% ഇറക്കുമതി ചുങ്കവുമാണ് ചുമത്തിയിരുന്നത്. ഇതു കേരവിപണിക്കും കർഷകർക്കും തിരിച്ചടിയായി.

### പാമോയിൽ ഇറക്കുമതി സൃഷ്ടിച്ച പ്രതിസന്ധികളിൽ നിന്ന് വെളിച്ചെണ്ണ വിപണിയെ കരകയറ്റാൻ ബോർഡ് നടത്തിയിട്ടുള്ള ശ്രമങ്ങൾ ?

കേരവിപണിയെ രക്ഷിക്കാൻ ക്രൂഡ് പാമോയിലിന് 20 ശതമാനമായിട്ടും റിഫൈൻഡ് പാമോയിലിന് 30 ശതമാനമെങ്കിലും ഇറക്കുമതി ചുങ്കം ഏർപ്പെടുത്തണമെന്ന നിർദ്ദേശം നാളികേര വികസന ബോർഡ് ഉന്നയിച്ചിരുന്നു. സംസ്ഥാന സർക്കാരുകൾ വഴിയും ജനപ്രതിനിധികൾ മുഖേനയും നിരവധിതവണ ഈ ആവശ്യം കേന്ദ്രവാണിജ്യ മന്ത്രാലയത്തിന് മുന്നിൽ സമർപ്പിച്ചു. അതിനുശേഷവും ക്രൂഡ് പാമോയിലിന് 2.5 ശതമാനവും റിഫൈൻഡ് പാമോയിലിന് 7.5 ശതമാനവുമായി ഇറക്കുമതി ചുങ്കം നിലനിർത്തിയിരിക്കുകയാണ്.

രാജ്യത്ത് ഭക്ഷ്യഎണ്ണയുടെ കയറ്റുമതി നിരോധിച്ചിരിക്കുന്നതുകൊണ്ട് 2012വരെ വെളിച്ചെണ്ണയുടെ കയറ്റുമതിയും നിരോധിച്ചിരിക്കുകയായിരുന്നു. കൊച്ചി തുറമുഖത്ത് നിന്ന് എല്ലാ ഭക്ഷ്യഎണ്ണകളും ഉൾപ്പടെ 20000 മെട്രിക് ടൺ കയറ്റി അയയ്ക്കാനുള്ള അനുവാദമുണ്ടായിരുന്നുള്ളു. എന്നിട്ടും വെളിച്ചെണ്ണ കെട്ടിക്കിടക്കുന്ന സാഹചര്യമുണ്ടായപ്പോൾ നാളികേര വികസന ബോർഡ് ആ വിഷയത്തിൽ ഇടപെടുകയും, തുറമുഖ നിയന്ത്രണവും അളവിലെ നിയന്ത്രണവും മാറ്റിക്കൊണ്ട് രാജ്യത്തെ എല്ലാ തുറമുഖങ്ങളിൽനിന്നും വെളിച്ചെണ്ണ കയറ്റി അയക്കാനുള്ള അനുവാദം നേടിയെടുക്കുകയും ചെയ്തു. ഇപ്പോൾ വെളിച്ചെണ്ണ കയറ്റുമതി വീണ്ടും സജീവമായിട്ടുണ്ടെങ്കിലും വൻതോതിൽ ഗൾഫ്, യുറോപ്യൻ രാജ്യങ്ങളിലേയ്ക്കും ജപ്പാനിലേയ്ക്കും വെളിച്ചെണ്ണ കയറ്റിഅയയ്ക്കാൻ സാധിച്ചാലേ വെളിച്ചെണ്ണ കെട്ടിക്കിടക്കുന്ന സാഹചര്യം ഒഴിവാക്കാനാകൂ. അതിനായുള്ള ശ്രമങ്ങൾ ബോർഡ് നടത്തിവരികയാണ്.

### മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലൂടെ വിപണി കണ്ടെത്തിയാൽ നാളികേരമേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാവില്ലേ?

ഫിലിപ്പൈൻസ്, ഇന്തോനേഷ്യ, ശ്രീലങ്ക, ഇന്ത്യ, തായ്‌ലൻഡ്, വിയറ്റ്നാം.....ലോകത്തെ പ്രധാനപ്പെട്ട ആറ് നാളികേര ഉത്പാദന രാജ്യങ്ങൾ. ഇതിൽ ഉൽപ്പാദനത്തിൽ ഒന്നാംസ്ഥാനത്താണ് ഇന്ത്യ. മറ്റ് രാജ്യങ്ങളിലെല്ലാം വെളിച്ചെണ്ണയ്ക്കും കൊപ്രയ്ക്കും വിലയിടിയുമ്പോൾ കർഷകരുടെ സ്ഥിതി മോശമാകുന്നില്ല. ശ്രീലങ്കയിൽ ഒരു നാളികേരത്തിന് 25 രൂപവരെ വിലയുണ്ട്. അതേ സമയം വെളിച്ചെണ്ണയ്ക്കും കൊപ്രയ്ക്കും ഇന്ത്യയോടടുത്ത വിലയാണ്. സംസ്കരണയൂണിറ്റുകൾ നടത്തുന്നവർ തെരഞ്ഞെടുത്ത നാളികേരത്തിന് 40 രൂപവരെ വില നൽകുന്നുണ്ട്. അവിടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുള്ളതുകൊണ്ടാണ് അത്രയും വില നാളികേരത്തിന് ലഭിക്കുന്നത്. എന്നാൽ ഇന്ത്യയിലെ നാളികേരത്തിന്റെ 88 ശതമാനവും കൊപ്രയായും വെളിച്ചെണ്ണയുമായിട്ടാണ് ഉപയോഗിക്കുന്നത്. വെളിച്ചെണ്ണയുടെ വില ഉയർത്താതെതന്നെ നാളികേരത്തിനും കേരകർഷകർക്കും മെച്ചപ്പെട്ട വരുമാനം ലഭിക്കണമെങ്കിൽ അമ്പത് ശതമാനമെങ്കിലും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കണം. കരിക്ക്, തേങ്ങാപ്പാൽ, തേങ്ങാപ്പൊടി, നാളികേരക്രീം, നാളികേര ചിപ്സ് എന്നിങ്ങനെയുള്ള ഉൽപ്പന്നങ്ങളുടെ വില ഒരിക്കൽപ്പോലും കുറഞ്ഞിട്ടില്ല. വിലയിടിവ് ബാധിക്കുന്നത് വെളിച്ചെണ്ണയേയും കൊപ്രയേയും മാത്രമാണ്.

മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലൂടെ വിപണി കൈയടക്കുന്നതിനും ഈ മേഖലയിൽ പുതിയ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി നാളികേര വികസന ബോർഡ് ടെക്നോളജി മിഷൻ ഓൺ കോക്കനട്ട് (ടിഎംഒസി) എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇന്ത്യയിലൊട്ടാകെ 200 നാളികേര മൂല്യവർധിത ഉൽപ്പന്ന യൂണിറ്റുകളും ആരംഭിച്ചുകഴിഞ്ഞു.

### നീര ഉൽപ്പാദനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എവിടെവരെയെത്തി?

ലോകത്തിൽ നാളികേരം കൃഷിചെയ്യുന്ന 94 രാജ്യങ്ങളിൽ 93ലും കർഷകർക്ക് നീര ഉൽപ്പാദിപ്പിക്കാൻ അനുവാദമുണ്ട്. എന്നാൽ നിയമംമൂലം ഇന്ത്യയിൽ നീര നിരോധിച്ചിരിക്കുന്നു. ആൽക്കഹോളിന്റെ അംശമില്ലാത്ത നീരയെ നിർഭാഗ്യവശാൽ കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ അബ്കാരി ആക്ടിന്റെ പരിധിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കള്ളിന്റെ നിർവചനത്തിലാണ് നീരയുടെ സ്ഥാനം. ഈ നിയമത്തിന്റെ പരിധിയിൽ നിന്ന് നീരയെ പുറത്തുകൊണ്ടുവരാനായി ബോർഡ് സർക്കാരിന് മുന്നിൽ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. കേരളത്തിലെ തെങ്ങുകളുടെ 10 ശതമാനം നീരയുൽപ്പാദനത്തിന് ഉപയോഗിച്ചാൽ 10 ലക്ഷത്തോളം ഗ്രീൻകോളർ ജോലികൾ സൃഷ്ടിക്കാനും സംസ്ഥാനത്തിന് 54000 കോടി രൂപ വരുമാനമായി ലഭിക്കാനും ഇടയാകും. നീര ഉൽപ്പാദനത്തിനും സംസ്കരണത്തിനും വിപണത്തിനും നാളികേര വികസന ബോർഡ് പ്രവർത്തന രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

### കേരളത്തിന്റെ ജിഡിപിയിൽ നാളികേര മേഖലയുടെ സംഭാവന?

കേരളത്തിന്റെ ജിഡിപിയിൽ മൊത്തം കണക്കെടുത്താൽ പ്രതിവർഷം 700 കോടിയോളം നാളികേരമാണ് കേരളത്തിൽ ഉൽപാദിപ്പിക്കുന്നത്. അതിൽ നാളികേരം ഒന്നിന് അഞ്ച് രൂപ വച്ച് വിലയിട്ടാൽ അത് 3500 കോടിയോളം വരും. സംസ്ഥാന പ്ലാനിംഗ് ബോർഡ് വൈസ്ചെയർമാൻ ചൂണ്ടിക്കാട്ടിയതുപോലെ കേരളത്തിലെ തെങ്ങുകളുടെ 10ശതമാനം നീരയുൽപ്പാദനത്തിന് ഉപയോഗിച്ചാൽ സംസ്ഥാനത്തിന് 54000 കോടി രൂപ വരുമാനമായി ലഭിക്കാൻ ഇടയാകും. സംസ്ഥാനത്തിന്റെ ജിഡിപിയിൽ ഉണ്ടാകുന്ന വർദ്ധനവ് 17 ശതമാനമാണ്.

### നാളികേരമേഖലയെ സംരക്ഷിക്കാൻ കേരളം അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങൾ?

- നീര ഉൽപ്പാദിപ്പിക്കാൻ നാളികേര വികസനബോർഡിൽ രജിസ്റ്റർ ചെയ്ത ഫെഡറേറ്റ് ചെയ്യപ്പെട്ട സിപിഎസുകൾക്ക് അനുവാദം നൽകുക.
- നീരയെ കള്ളായി നിർവചിക്കുന്ന നിയമത്തിൽ ഭേദഗതി വരുത്തുക
- നാളികേരത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കായി ജില്ലാതലത്തിൽ നാളികേര പാർക്കുകൾ സ്ഥാപിക്കുക.
- നാളികേര ഉൽപ്പന്നങ്ങൾക്ക് ചുമത്തുന്ന അഞ്ച് ശതമാനം എക്സൈസ് ഡ്യൂട്ടി അടുത്ത അഞ്ചുകൊല്ലത്തേയ്ക്ക് പൂജ്യം ശതമാനമാക്കി കുറയ്ക്കുക
- കേരകർഷക കൂട്ടായ്മയിലൂടെ ഉയർന്നുവരുന്ന പ്രൊഡ്യൂസർ കമ്പനികൾക്ക് കർഷകർ സമാഹരിക്കുന്ന മൂലധനത്തിന്റെ 50 ശതമാനം സർക്കാർ ഓഹരിയായി നൽകണം.
- സംസ്ഥാന ഗവൺമെന്റിന്റെ നേതൃത്വത്തിൽ നാളികേര രംഗത്തെ രോഗ-കീടബാധയ്ക്കെതിരെ രോഗപ്രതിരോധ മാർഗം നൽകേണ്ടതാണ്.
- കേരളത്തിലെ 65 ലക്ഷത്തോളം വരുന്ന റേഷൻകാർഡ് ഉടമകൾക്ക് 2 ലിറ്റർ വീതം വെളിച്ചെണ്ണ കേരഫെഡ് വഴി റേഷൻകടകളിലൂടെ വിതരണം ചെയ്യണം.
- പച്ചതേങ്ങാസംഭരണം എല്ലാ ജില്ലകളിലേയും എല്ലാ കൃഷിഭവനുകളും ഉറപ്പുവരുത്തണം.
- താങ്ങുവിലയ്ക്കുള്ള കൊപ്രാ സംഭരണം ഊർജ്ജിതപ്പെടുത്തണം. ◆